"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ഉഴമലയ്ക്കൽ ശ്രീനാരായണ ഹയർ സെക്കൻഡറി സ്കൂളിലെ ശ്രീ സുരേഷ് എസ്. വി. യെ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസാകുന്നതിൽ നിന്നും ഒഴിവാക്കുന്നത് - ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3990/2026/GEDN തീയതി,തിരുവനന്തപുരം, 17-06-2026

---

പരാമർശം:-

1. ശ്രീമതി രഞ്ചു പി. 24.12.2025 തീയതിയിൽ സമർപ്പിച്ച ഹർജി.
2. ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 03.04.2026 തീയതിയിലെ ഡിഇഒഎറ്റിഎൽ/1368/2025-ബി5 നമ്പർ റിപ്പോർട്ട്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 06.04.2026 തീയതിയിലെ ഇടി5/4883/2026/ഡിജിഇ നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

ഉഴമലയ്ക്കൽ ശ്രീനാരായണ ഹയർ സെക്കൻഡറി സ്കൂളിലെ ശ്രീ സുരേഷ് എസ്. വി. യെ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസാകുന്നതിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച് സമർപ്പിച്ച ഹർജി തീർപ്പാക്കുന്നതിനായി സർക്കാർ 07.04.2026 ൽ ഹിയറിങ് നടത്തി.

2. പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ എയ്ഡഡ് സ്കൂൾ ക്ലാർക്കുമാർക്കും ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സായാൽ മാത്രം പ്രൊമോഷൻ നൽകിയാൽ മതിയെന്ന 18/01/2010ലെ GO(Ms) No. 16/2010 എന്ന ഉത്തരവിന് 2006 മുതൽ പ്രാബല്യം നൽകിയതിനാൽ 2010 ന് മുമ്പ് സർവ്വീസിലുള്ളവരിൽ നിന്നും കൊടുത്ത ആനുകൂല്യങ്ങൾ തിരിച്ച് പിടിക്കാൻ തീരുമാനിച്ചു. അതിൽ ടിയാളുടെ ഭർത്താവായ ശ്രീ സുരേഷ് എസ്.വി. യും ഉൾപ്പെട്ടിട്ടുണ്ട് എന്നും ടി നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ആവശ്യപ്പെട്ട് ശ്രീമതി രഞ്ചു പി. പരാമർശം (1) പ്രകാരം ഹർജി സമർപ്പിച്ചു.

3. പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ഉഴമലക്കൽ എസ്.എൻ.എച്ച്.എസ്.എസിലെ ശ്രീ സുരേഷ് എസ്. വി. 04.09.1995 മുതൽ 31.05.2007 വരെ എഫ്.റ്റി.എം. ആയി ജോലി ചെയ്യുകയും തുടർന്ന് ആ സ്കൂളിൽ തന്നെ KER chapter 14 A Rule 1 Note 1 പ്രകാരം 01.06.2007 മുതൽ ക്ലാർക്ക് ആയി സ്ഥാനക്കയറ്റം ലഭിക്കുകയും നിലവിൽ ആ തസ്തികയിൽ തുടർന്ന് വരികയും ചെയ്യുന്നു. ശ്രീ സുരേഷ് എസ്. വി. വകുപ്പുതല പരീക്ഷയായ എം.ഒ.പി, അക്കൌണ്ട് ടെസ്റ്റ് ലോവർ എന്നിവ പാസായിട്ടില്ല എന്ന് സേവനപുസ്തകം പരിശോധിച്ചതിൽ നിന്നും ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 18.01.2010 തീയതിയിലെ GO(MS) NO. 16/2010/G.Edn ഉത്തരവ് പ്രകാരം മുൻകാല പ്രാബല്യത്തോടെ 29.07.2006 ന ശേഷം നിയമിച്ച എയ്ഡഡ് സ്കൂൾ ക്ലാർക്കുമാർക്ക് വകുപ്പുതല

പരീക്ഷയായ എം.ഒ.പി പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് മാൻഡേറ്ററി യോഗ്യത ആക്കിയിരുന്നു. എന്നാൽ 18.01.2010 ലെ മേൽ സർക്കാർ ഉത്തരവ് വരുന്നതിന് മുൻപ് ടിയാന്റെ പ്രൊബേഷൻ 01.06.2008 തീയതി പ്രാബല്യത്തിൽ ക്ലാർക്ക് തസ്തികയിൽ ഡിക്ലയർ ചെയ്യുകയും പേറിവിഷൻ ഉത്തരവ് പ്രകാരമുള്ള അൺക്വാളിഫൈഡ് ക്ലർക്കിന്റെ സ്കെയിലിൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകി വരുകയും ചെയ്യുന്നുണ്ട്. ടിയാന്റെ ജനന തീയതി 30.05.1973 ആയതിനാൽ തന്നെ ടിയാൻ 50 വയസ്സ് കഴിഞ്ഞ ജീവനക്കാരനാണ്. കൂടാതെ 4 വർഷത്തിൽ കുറഞ്ഞ സർവീസ് മാത്രമേ ഇനി ബാക്കിയുള്ളൂ എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം ഹിയറിങ് വേളയിലെ വാദഗതികളുടെയും സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 18/01/2010 ലെ സ.ഉ.(എം.എസ്) 16/2010/പൊവിവ പ്രകാരം 29.07.2006 നു ശേഷം നിയമനം ലഭിച്ച എല്ലാ എയ്ഡഡ് സ്കൂൾ ക്ലാർക്കുമാരും പ്രൊബേഷൻ, ഇൻക്രിമെന്റ്, ഗ്രേഡ്, പ്രമോഷൻ തുടങ്ങിയവ അനുവദിക്കുന്നതിനു പൊതുവിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്കുമാർ പാസ്സാകേണ്ട മുഴുവൻ നിർബന്ധിത ഡിപ്പാർട്ട്മെന്റ് ടെസ്റ്റുകളും പാസ്സായിരിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, ശ്രീ സുരേഷ് എസ്.വി. യുടെ അപേക്ഷ നിരസിച്ച് അപ്രകാരം ശ്രീമതി രഞ്ചു പി. സമർപ്പിച്ചിരിക്കുന്ന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അപ്സര ടി ടി
അണ്ടർ സെക്രട്ടറി

ശ്രീമതി രഞ്ചു പി., ലക്ഷ്മി മംഗലം, ചക്രപാണിപുരം, പുതുക്കുളങ്ങര പി.ഒ., ഉഴമലയ്ക്കൽ, നെടുമങ്ങാട്, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആറ്റിങ്ങൽ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (S2/72/2023-G.EDN).

ഉത്തരവിൻ പ്രകാരം

Signed by
Alex G C
സെക്ഷൻ ഓഫീസർ
Date: 18-06-2026 11:10:40

പകർപ്പ്: പൊതുവിദ്യാഭ്യാസ സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.